## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1875      04.05.2017- ൽ മറുപടിക്ക്**

**"വ്യവസായ ക്ലസ്റ്ററുകൾ"**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ് | ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് വ്യവസായ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. ഒരേതരം പ്രവർത്തനങ്ങൾ ഒരു ഭൂപ്രദേശത്ത് നടത്തുന്ന വ്യവസായ സ്ഥാപനങ്ങളെ ഏകോപിച്ച് അവർക്കാവശ്യമായ പൊതുസേവന കേന്ദ്രങ്ങൾ, പൊതു സൗകര്യങ്ങൾ തുടങ്ങിയവ സ്ഥാപിക്കുക എന്നതാണ് ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതി പ്രകാരം പ്രധാനമായും ഉദ്ദേശിക്കുന്നത്. അസംസ്കൃത വസ്തുക്കളുടെ ബാങ്ക്, കനത്ത മുതൽ മുടക്ക് വേണ്ടി വരുന്നതും പൊതുവായി ഉപയോഗിക്കാൻ കഴിയുന്നതുമായ യന്ത്ര സാമഗ്രികൾ സ്ഥാപിക്കുക, ഉല്പന്നത്തിന്റെ വ്യാപാരം സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതി മുഖേന സാക്ഷാത്കരിക്കുന്നത്. |
| ബി) | ഉണ്ടെങ്കിൽ അവയുടെ ഉദ്ദേശ്യവും ലക്ഷ്യവും എന്തെന്ന് അറിയിക്കുമോ; | ബി) & സി) | ക്ലസ്റ്ററിന്റെ പ്രവർത്തനഫലമായി ഉൽപ്പാദന പ്രവർത്തനം കൂടുതൽ ആധുനികവൽക്കരിക്കുകയും, പൊതുസേവന കേന്ദ്രങ്ങളുടെ ലഭ്യത കൂടുതൽ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുകയും ചെയ്യുന്നു. അന്തിമ ഫലമായി സംസ്ഥാനത്തെ വ്യവസായ വളർച്ചയെ ഗുണകരമായി സ്വാധീനിക്കുന്നതിന് ക്ലസ്റ്ററിന്റെ പ്രവർത്തനം സഹായിക്കുന്നു. |
| സി) | ഇതിലൂടെ സംസ്ഥാനത്തിന്റെ വ്യവസായിക വളർച്ചയ്ക്ക് എന്തെല്ലാം പ്രയോജനങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; | | |

| | | | |
|---|---|---|---|
| ഡി) | ഇത്തരം ക്ലസ്റ്ററുകൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഒരു പൊതുവായ ബ്രാൻഡിൽ വിപണനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | ഡി) | ഉൽപ്പന്നങ്ങളുടെ ഗുണനിലവാര പരിശോധന ക്ലസ്റ്റർ പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഒന്നാണ്. പൊതുവായ ബ്രാൻഡിൽ വിപണനം നടത്തുന്നതിന് അംഗ യൂണിറ്റുകൾ താല്പര്യം പ്രകടിപ്പിക്കുന്നുവെങ്കിൽ അതും ഒരു ക്ലസ്റ്ററിന് നിർവ്വഹിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**